"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - സ്വച്ച് ഭാരത് മിഷൻ (നഗരം) 2.0 കേരളത്തിലെ നഗരസഭകളിൽപദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും യുവ പ്രൊഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.173/2023/LSGD    തീയതി,തിരുവനന്തപുരം, 20-01-2023

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 20/2023/തസ്വഭവ തീയതി 04/01/2023.
2. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08/01/2023ലെ 941/D1/2021/SM നമ്പർ കത്ത്.

**ഉത്തരവ്**

ശുചിത്വ മിഷന്റെ സ്വച്ഛ് ഭാരത് മിഷൻ (നഗരം) 2.0 കേരളത്തിലെ നഗരസഭകളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും യുവ പ്രൊഫഷണലുകളെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. യുവ പ്രൊഫഷണലുകളെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതയിൽ പരിസ്ഥിതിശാസ്ത്ര വിഷയത്തിൽ ബിരുദനാന്തര ബിരുദം (എം.എസ്.സി. എൺവയോൺമെന്റ് സയൻസ്) കൂടി ഉൾപ്പെടുത്തി മേൽ ഉത്തരവ് ഭേദഗതി വരുത്തണമെന്ന് പരാമർശം (2) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യുവ പ്രൊഫഷണലുകളെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതയിൽ പരിസ്ഥിതിശാസ്ത്ര വിഷയത്തിൽ ബിരുദനാന്തര ബിരുദം (എം.എസ്.സി. എൺവയോൺമെന്റ് സയൻസ്) കൂടി ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3) പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ. / ജി & എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/142/2022/LSGD Part-1)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 20-01-2023 10.46.19
സെക്ഷൻ ഓഫീസർ